# കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം—ലാസ്റ്റ് ഗ്രേഡ് സർവന്റ്, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ്-2, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയവ) തസ്തികകളിലേക്കുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ, സമാശ്വാസ തൊഴിൽദാന പദ്ധതി/സ്പോർട്സ് ക്വാട്ടാ നിയമനം എന്നിവയ്ക്ക് ബാധകമാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം—ഉത്തരവ് റദ്ദുചെയ്ത് പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 07/2012/ഉ.ഭ.പ.വ.** **തിരുവനന്തപുരം, 2012 ഫെബ്രുവരി 6.**

പരാമർശം:—1. 24-5-1999-ലെ സ.ഉ. (പി) നമ്പർ 12/1999/ഉ.ഭ.പ.വ.

2. 1-7-2011-ലെ സ.ഉ. (എം.എസ്.) നമ്പർ 21/2011/ഉ.ഭ.പ.വ.

3. 26-8-2011-ലെ സ.ഉ. (പി) നമ്പർ 29/2011/ഉ.ഭ.പ.വ.

4. 21-11-2011-ലെ സ.ഉ. (പി) നമ്പർ 33/2011/ഉ.ഭ.പ.വ.

5. 23-12-2011-ലെ സ.ഉ. (പി) നമ്പർ 39/2011/ഉ.ഭ.പ.വ.

## ഉത്തരവ്

വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്, എൽ. ഡി. ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ്-2, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിവ) എന്നീ തസ്തികകളിലേക്കുള്ള നിയമന യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വളരെ മുമ്പുതന്നെ അപേക്ഷ സമർപ്പിക്കുകയും 1-7-2011-ന് മുമ്പായി നിയമനം നൽകാൻ സർക്കാർ

തീരുമാനം എടുത്തിട്ടുള്ളതും എന്നാൽ വേക്കൻസി ലഭ്യമല്ലാതിരുന്നതിനാൽ നിയമന ഉത്തരവ് നൽകാതിരുന്നതുമായ കേസുകളിലും, സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്ക് നിലവിൽ അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടപടി ക്രമങ്ങൾ നടന്നുവരുന്നതുമായ കേസുകളിലും അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനായി പരാമർശം (2)-ലെ ഉത്തരവ് പ്രകാരമുള്ള പുതിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കേണ്ടതില്ല എന്നും എന്നാൽ 1-7-2011-നുശേഷം ഇപ്രകാരം ജോലിയിൽ പ്രവേശിക്കുന്നവർക്ക് (സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും, സ്പോർട്സ് ക്വാട്ടാ നിയമന പ്രകാരവും) ജോലിയിൽ പ്രവേശിക്കുന്ന തസ്തികയിലേക്കുള്ള പുതുക്കിയ യോഗ്യത ഇല്ലാത്തപക്ഷം ആയത് പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആർജ്ജിക്കേണ്ടതാണെന്നും പരാമർശം (3) പ്രകാരം സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. മേൽ ഉത്തരവിന് ശേഷം, 1-7-2011-നുശേഷമുള്ള പി.എസ്.സി. വിജ്ഞാപനങ്ങൾക്കുമാത്രമേ പരാമർശം (2) പ്രകാരമുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാകുകയുള്ളൂ എന്ന് വ്യക്തമാക്കിക്കൊണ്ട് പരാമർശം (4) പ്രകാരവും, തസ്തികമാറ്റം (ബൈ ട്രാൻസ്ഫർ) മുഖേനയുള്ള നിയമനങ്ങളിൽ 1-7-2011-നുശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്കുമാത്രമേ പുതുക്കിയ യോഗ്യതകൾ ബാധകമാക്കേണ്ടതുള്ളൂ എന്ന് പരാമർശം (5) പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 1-7-2011-ന് മുൻപ് സാധുവായ അപേക്ഷ സമർപ്പിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും, സ്പോർട്സ് ക്വാട്ട പ്രകാരം അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടപടികൾ തുടർന്നുവരുന്ന കേസുകളിലും പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതിൽ ഇളവനുവദിക്കേണ്ടതാണ് എന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പഷ്ടീകരണ ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പരാമർശം (2) പ്രകാരമുള്ള യോഗ്യതകൾ ബാധകമാക്കുന്നത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(i) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 1-7-2011-ന് മുമ്പുതന്നെ നിയമപ്രകാരമുള്ള എല്ലാ രേഖകളും സഹിതം സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ കേസുകളിലും, സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്ക് നിലവിൽ അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടപടികൾ തുടർന്നുവരുന്നതുമായ കേസുകൾക്കുമാത്രവും അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനായി 1-7-2011-ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കേണ്ടതില്ല.

(ii) എന്നാൽ 1-7-2011-ന് മുൻപ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ നിരസിക്കപ്പെട്ടതും 1-7-2011-നുശേഷം വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കും 1-7-2011 മുതൽ പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്.

(iii) ഈ ഉത്തരവിന് 1-7-2011 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ജെ. മാത്യു,
*സെക്രട്ടറി.*

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം/ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).

റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.

പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ, ബി, സി) വകുപ്പുകൾ.

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (പ്രചാരണത്തിന്).

പകർപ്പ്:

മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.